# സോവിയററ് റഷ്യയിൽ ഒരു പാട്ടുകച്ചേരി

—എൻ. വി. കൃഷ്ണവാരിയർ

കഴിഞ്ഞ ആഗസ്റ്റ്മാസത്തിൽ ഏതാനും ദിവസം സോവിയററ് റഷ്യയിൽ കഴിച്ചുകൂട്ടുവാൻ എനിക്കവസരമുണ്ടായി. "ഓർഗൺ" എന്ന സംഗീത യന്ത്രത്തിൽ ഒരു കച്ചേരി ആദ്യമായി എനിക്ക് കേൾക്കാൻ കഴിഞ്ഞതു് ഈ പര്യടനത്തിന്നിടയ്ക്കാണ്.

## ലാററ്വിയ

സോവിയററ് യൂനിയൻെറ വടക്കുപടിഞ്ഞാറുഭാഗത്ത്, ബാൾട്ടിക് കടലിൻെറ കിഴക്കെ കരയിൽ കിടക്കുന്ന ഒരു രാജ്യമാണ് ലാററ്വിയ. സോവിയററ് യൂനിയനിലെ പതിനഞ്ച് റിപ്പബ്ലിക്കുകളിലൊന്നാണ് ഇരുപത്തിമൂന്നു ലക്ഷത്തോളം ജനങ്ങളും അറുപത്തിനാലായിരം ചതുരശ്ര കിലോമീററർ വിസ്തൃതിയുമുള്ള ഈ പ്രദേശം.

ഏഴ ലക്ഷത്തോളം ജനങ്ങൾ പാർക്കുന്നതും, ലാററ്വിയയുടെ തലസ്ഥാനവുമായ "റീഗ" പട്ടണത്തിൽ ആഗസ്റ്റ് 17-ാംനു- രാവിലെ ഞാൻ എത്തി. അവിടത്തെ ഒരു പഴയ ഭദ്രാസനപ്പള്ളിയിൽ രാത്രി 8 മണിക്ക് നടക്കുന്ന സംഗീതക്കച്ചേരിയ്ക്കു് ടിക്കററ് കിട്ടിയതു ഒരു ഭാഗ്യമായിരുന്നു. കാരണം, 7-45ന്ന് ഞങ്ങൾ ചെല്ലുമ്പോഴേയ്ക്കു് പള്ളിയുടെ അകത്ത് മൂന്നുനാലായിരം ആളുകൾ തിങ്ങിനിറഞ്ഞിരുന്നു. പലരും പ്രവേശനം ലഭിയ്ക്കാതെ നിരാശപ്പെട്ടു മടങ്ങുന്നുമുണ്ടായിരുന്നു.

സ്കോട്ട്സിൻെറയെന്നപോലെ സംഗീതത്തിൻേറയും നാടാണ് ലാററ്വിയ. അവിടെ എല്ലാവരും സ്കോട്ട്സ്മാൻമാരാണത്രെ. എല്ലാവരും പാട്ടുകാരുമാണ്. അഞ്ച് കൊല്ലത്തിലൊരിക്കൽ അവിടെ ഒരു ദേശീയ സംഗീത - നൃത്തോത്സവമുണ്ട്. രാജ്യം ഒന്നാകെ അന്ന് പാടിത്തിമർക്കുന്നു. ഓരോ നഗരത്തിന്നും, ഓരോ ഗ്രാമത്തിന്നും, ഓരോ ഫാക്ടറിയ്ക്കും, ഓരോ കൃഷിയിടത്തിന്നും, ഓരോ ആപ്പീസ്സിന്നും ഉണ്ട് സ്വന്തമായ ഗായകസംഘങ്ങൾ. 12,331 ഗായകരുള്ള 229 ഗായകസംഘങ്ങൾ (ക്വയർ) 1965-ൽ അവിടെ ഉണ്ടായിരുന്നുവത്രെ; 2728 നർത്തകരുള്ള 129 നർത്തകസംഘങ്ങളും!

സ്റ്റേററ് ഫിൽഹാർമോണിക് സൊസൈററിയാണ് അന്നത്തെ പാട്ടുകച്ചേരിയ്ക്കു ഏർപ്പാടു ചെയ്തിരുന്നതു്. ടിക്കററിന്നു് ഒന്നര റൂബിൾ (ഏകദേശം പത്തുരൂപ) കൊടുക്കേണ്ടിവന്നു. ലെനിൻഗ്രാഡുകാരി അനസ്റ്റാസ്യ ടിഷെങ്കൊ എന്ന യുവതിയായിരുന്നു ഗായിക. ക്രിസ്ത്വബ്ദം 1685 മുതൽ 1750 വരെ ജീവിച്ചിരുന്ന ബാക്ക് എന്ന ജർമ്മൻ ഗായകൻ രചിച്ച ഫ്യൂഗ് സി. മൈനർ പ്രെല്യൂഡ്, നാലു പാസ്റ്റോരലുകൾ, ഫ്യൂഗ് ഡി

---

തടസ്ഥമായിത്തീർന്നിട്ടില്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

സംഗീതത്തിൻെറ ഉത്ഭവം എങ്ങിനെയാണ് എന്നു എനിക്ക് നിശ്ചയമില്ല. അതു ദൈവീകമാണെന്നു വിശ്വസിക്കുന്നവർ വളരെ ഉണ്ട്. ഏതായാലും മനുഷ്യനിൽ സംഗീതം ചെലുത്തുന്ന സ്വാധീനം കാണുമ്പോൾ അതിൻെറ അഭാവം ജീവിതം എത്ര ദുസ്സഹമായ അനുഭവമാക്കിത്തീർക്കുമെന്നു തോന്നുകയാണ്. ഉറക്കം വരാത്ത കുട്ടിയെ ഉറക്കുന്നതിന്നും, തപിക്കുന്ന മനസ്സിനെ തണുപ്പിക്കുന്നതിന്നും, നിഷ്ക്രിയരെ കർമ്മോന്മുഖരാക്കുന്നതിന്നും, നാസ്തികരെ വിശ്വാസികളാക്കുന്നതിന്നും സംഗീതത്തിന്നു കഴിയും. അതുകൊണ്ടാണ് സംഗീത സഭകളുടെ പ്രവർത്തനങ്ങൾ എത്രയും മഹത്തായ സമുദായ സേവനമായി കരുതണമെന്നു പറയുന്നതു്.

മേജർ പ്രെല്യൂഡ്, അഞ്ചു കോറലുകൾ, ടൊക്കാട്ട മുതലായവയായിരുന്നു അന്നത്തെ വിഭവങ്ങൾ.

## ചർച്ച് ഓർഗൺ

മനോഹരവും വിപുലവുമായ പള്ളിയുടെ പ്രവേശദ്വാരത്തിൻെറ മുകൾനിലയിലാണ് ഓർഗൺ സ്ഥാപിച്ചിരിക്കുന്നതു്. പല നീളത്തിലുള്ള ഒട്ടുവളരെ കുഴലുകൾ ഈ സംഗീത യന്ത്രത്തിലുണ്ടു്. ഇവ നാലുവരിയായി നിരത്തി കുത്തനെ നിർത്തിയിരിക്കുന്നതു് പള്ളിയ്ക്കകത്തിരുന്നാൽ കാണാം. മൂന്നു മുതൽ ഇരുപതുവരെ അടി നീളമുള്ളവയാണ് ഈ പൈപ്പുകൾ. ഇവയുടെ പിന്നിലിരുന്നു പിയാനോവിൻേറതുപോലെയുള്ള ഒരു കീബോർഡിൽ കൈകൊണ്ടമർത്തിയാണ് ഗായിക കച്ചേരി നടത്തുന്നതു്. കച്ചേരി നടത്തുമ്പോൾ, താഴെയിരിയ്ക്കുന്ന ശ്രോതാക്കൾക്ക് ഗായികയെ കാണാനാവില്ല.

ഹാളിൽ നിറയെ ആളുകളുണ്ടെങ്കിലും ഒരു ദീർഘശ്വാസത്തിൻെറ ശബ്ദംപോലുമില്ല. എല്ലാവരും ഏകാഗ്രരായി, തല അല്പം കുനിച്ച് ഇരുന്നു് സംഗീതം ശ്രവിയ്ക്കുകയാണ് ഓരോ ഗാനവും കഴിയുമ്പോൾ അവർ ദീർഘനേരം കൈകൊട്ടുന്നു. തികച്ചും ഭക്തി നിർഭരമായ അന്തരീക്ഷം. ഒരു മതച്ചടങ്ങിൽ പങ്കെടുക്കുന്ന പ്രതീതിയാണ് എനിയ്ക്കുണ്ടായതു്.

അദ്വിതീയമായ ഒരനുഭവമാണ് ഓർഗൺ കച്ചേരി. നാദത്തിൻെറ ഒരു ഗംഗാപ്രവാഹമാണതെന്നു പറയാം. പതുക്കെത്തുടങ്ങുന്ന ഗാനം ക്രമത്തിൽ ഉയരുന്നു. പിന്നീട്ട് ബാഹ്യപ്രപഞ്ചമില്ല; കുലംകുത്തിയൊഴുകുന്ന നാദവൈഖരിമാത്രം. നിങ്ങൾ നാദത്തിൻെറ ഒരു സമുദ്രത്തിൽ നീന്തുന്നതുപോലെ. സംഗീതത്തേക്കാളേറെ അതൊരു മേളമാണ്. ഗംഭീരമായ ഒരു തായമ്പക എന്നു പറയാം. ശബ്ദം ചെണ്ടയുടേതല്ല; എന്നു മാത്രം. കുററൻ കുഴലുകളുടേതാണ്.

കച്ചേരിയെപ്പററി ഒന്നും പറവാൻ ഞാൻ ആളല്ല. അതിന്നാവശ്യമായ പാശ്ചാത്യ ശാസ്ത്രീയ സംഗീത പരിജ്ഞാനം എനിയ്ക്കില്ല. മൂന്നു മണിക്കൂർ നേരത്തെ ആ കച്ചേരിപോലൊന്നു് അതിന്നു മുമ്പും പിമ്പും ഞാൻ അനുഭവിച്ചിട്ടില്ല എന്നുമാത്രം പറയാം. ഇടയ്ക്കു് അല്പം വിശ്രമത്തോടെ, രണ്ടു് ഘട്ടങ്ങളായി ആണ് കച്ചേരി നടന്നതു്. ഓരോ ഘട്ടത്തിൻേറയും അവസാനത്തിൽ ഓർഗൺ പൈപ്പുനിരകളുടെ മുൻവശത്തായി ഗായിക ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ടു. ചെകിട്ട് അടപ്പിയ്ക്കുന്ന കൈകൊട്ടുകൊണ്ടു് ശ്രോതാക്കൾ അവരെ അഭിനന്ദിച്ചു. കച്ചേരി കഴിഞ്ഞശേഷം ഗായിക പ്രത്യക്ഷപ്പെട്ടപ്പോഴത്തെ കൈകൊട്ടിന്നു് അവസാനമുണ്ടായിരുന്നില്ല. തലതാഴ്ത്തി സദസ്സിനെ വന്ദിച്ചു് ഗായിക അകത്തേയ്ക്കുപോയി. കൈകൊട്ടു നിലയ്ക്കാത്തതിൽ വീണ്ടും ബാൽക്കണിയിൽ വന്നു് അഭിവാദ്യം സ്വീകരിച്ചു. വീണ്ടും ഇതു തുടന്നു. എന്നിട്ടും കൈകൊട്ടു നിലയ്ക്കുന്നില്ല. ആളുകൾക്ക് സംഗീതം കേട്ടു മതിയായിട്ടില്ല! ഗായിക വീണ്ടും ഗാനമാരംഭിച്ചു. ചില ചെറിയ ഇനങ്ങൾ. നമ്മുടെ കച്ചേരികളിൽ പതിവുള്ള "തുക്കട"കൾ പോലെ. അച്ചടിച്ച പരിപാടിയിലില്ലാത്ത ഈ "താല്ക്കാലിക രചന"കളായിരുന്നു പിന്നീട്ട് ഏതാണ്ട് ഒരു മണിക്കൂർനേരം.

പാട്ടു കേൾക്കുന്നവർ ആരൊക്കെയാണ്? അവരിൽ സ്ത്രീകളും പുരുഷന്മാരുമുണ്ടു്; യുവാക്കളും വൃദ്ധരുമുണ്ടു്. ബാക്കിൻേറതു് ശാസ്ത്രീയ സംഗീതമാണ്; പള്ളിയുടെ സംഗീതമാണ്; ആരാധനയുടെ സംഗീതമാണ്. ഇന്നു് സോവിയററ് റഷ്യയിൽ വിശുദ്ധമായ ശാസ്ത്രീയ സംഗീതത്തിന്നു്, യൂറോപ്പിൽ മറെറവിടെയുമുള്ളതിലേറെ, ആസ്വാദകരുണ്ടു്. അമേരിക്കൻ ജാസ്സും, ബ്രിട്ടനിലെ ബീററിലുകളുടെ സംഗീതവും റഷ്യയിൽ ഹോട്ടലുകളിലും മററും ഞങ്ങൾ കേൾക്കുകയുണ്ടായി. ട്വിസ്റ്റ്, റോക്കെൻ റോൾ മുതലായ നൃത്തങ്ങളും കാണാൻ കഴിഞ്ഞു. എന്നാൽ റഷ്യയിലിപ്പോഴും പ്രചാരം ശാസ്ത്രീയ സംഗീതത്തിന്നും ശാസ്ത്രീയ നൃത്തത്തിന്നുമാണ്. ഈ സംഗതിയിൽ റഷ്യയും ദക്ഷിണേന്ത്യയും തമ്മിൽ വലിയ അടുപ്പം കാണുന്നു.

---